പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1221 12.07.2016-ലെ മറുപടിക്ക്

## പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള ദീർഘദൂര സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് മൂലം പല ദീർഘദൂര സർവ്വീസുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടെ പുതിയ ബസ്സുകൾ അനുവദിച്ചുകൊണ്ടും ജീവനക്കാരെ നിയമിച്ചുകൊണ്ടും ദീർഘദൂര സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ; | (ബി) | പുതിയ ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് ദീർഘദൂര സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>കെ.എസ്.ആർ.റ്റി.സി.യിലെ നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലംമാറ്റം നൽകി ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇവിടെ ഉണ്ടായിരുന്ന ഡി.റ്റി.ഒ. ഓഫീസ് എ.റ്റി.ഒ. ഓഫീസായി തരം താഴ്ത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡി.റ്റി.ഒ. ഓഫീസ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | എല്ലാ ഡി.റ്റി.ഒ. ഓഫീസുകളിലേയ്ക്കും നിയോഗിക്കത്തക്ക എണ്ണം എ.റ്റി.ഒ.മാർക്ക് സ്ഥാനക്കയറ്റം നൽകുവാൻ കഴിയാത്തതു മൂലം പല ഡി.റ്റി.ഒ. ഓഫീസുകളിലും എ.റ്റി.ഒ.മാരെയാണ് നിയോഗിച്ചിരിക്കുന്നത്. പ്രസ്തുത യൂണിറ്റിന്റെ യൂണിറ്റധികാരിയുടെ പൂർണ്ണ അധികാരം അവർക്കു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്പെയർപാർട്സുകളുടെ അഭാവം മൂലം സർവീസിന് യോഗ്യമല്ലാത്ത ബസ്സുകൾ അടിയന്തരമായി കേടുപാടുകൾ നീക്കി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ? | (ഡി) | 07-7-2016-ലെ കണക്കുപ്രകാരം 17 ജൻറം ബസ്സുകൾ ഉൾപ്പടെ 67 ബസ്സുകൾ ഉള്ളതിൽ 11 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്. ടി ബസ്സുകൾ അടിയന്തിരമായി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ